## മധുരമായ കുട്ടികളേ - ആത്മാവിനെ നിരോഗിയാക്കുന്നതിന് വേണ്ടി ആത്മീയ പഠനം ചെയ്യൂ ചെയ്യിക്കൂ, ആത്മീയ ആശുപത്രി തുറക്കൂ

**ചോദ്യം:-** ഏതൊരു ആശ വെയ്ക്കുന്നതിലൂടെ മറ്റെല്ലാ ആശകളും സ്വതവേ പൂർത്തിയാകുന്നു?
**ഉത്തരം:-** കേവലം ബാബയെ ഓർമ്മിച്ച് സദാ ആരോഗ്യശാലിയാകുവാൻ ആശ വെയ്ക്കൂ. ജ്ഞാന യോഗത്തിന്റെ ആശ പൂർത്തീകരിച്ചാൽ മറ്റെല്ലാ ആശകളും സ്വതവെ പൂർത്തിയാകും. കുട്ടികൾക്ക് ഒരു ശീലവും ഉണ്ടായിരിക്കരുത്. ആൾറൗണ്ടറാകണം. കുറവുകൾ ഓരോരുത്തരിലുമുണ്ട് എങ്കിലും സേവനം തീർച്ചയായും ചെയ്യണം.

**ഗീതം:-** ക്ഷമ പാലിക്കൂ മനുഷ്യാ. . .

**ഓം ശാന്തി**. കുട്ടികൾ ഗീതം കേട്ടുവല്ലോ. ഈ സമയം എല്ലാ മനുഷ്യർക്കും ധൈര്യം നൽകുന്നു. ആത്മാവിൽ തന്നെയാണ് മനസ്സും-ബുദ്ധിയുമുള്ളത്. ആത്മാവ് തന്നെയാണ് ദുഃഖിയാകുന്നത് അപ്പോഴാണ് ബാബയെ വിളിക്കുന്നത് -അല്ലയോ പതിത-പാവനനായ പരംപിതാ പരമാത്മാ വരൂ. ഒരിക്കലും ബ്രഹ്മാ-വിഷ്ണു- ശങ്കരനെ പതിത-പാവനനെന്ന് പറയില്ല. അവരെ പോലും പറയില്ലെങ്കിൽ പിന്നെ ലക്ഷ്മീ-നാരായണനേയോ, രാമ-സീതയേയോ പറയാൻ സാധിക്കുകയില്ല. പതിത-പാവനൻ ഒന്ന് മാത്രമാണ്. വിഷ്ണുവിന്റെ ചിത്രം തന്നെ പാവനമാണ്. അതാണ് വിഷ്ണുപുരിയുടെ അധികാരി. വിഷ്ണുപുരി സ്ഥാപിക്കുന്നയാളാണ് ശിവബാബ. ആ ബാബ തന്നെ ഈ സമയം വിഷ്ണുപുരി സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്. അവിടെ ദേവീ-ദേവതകൾ മാത്രമാണ് വസിക്കുന്നത്. വിഷ്ണു കുലമെന്ന് പറഞ്ഞാലും ലക്ഷ്മീ-നാരായണ കുലമെന്ന് പറഞ്ഞാലും കാര്യം ഒന്നു തന്നെയാണ്. ഈ എല്ലാ പോയന്റുകളും ധാരണ ചെയ്യുന്നതിനുള്ളതാണ്. അച്ഛൻ ആത്മീയമാണ്, ഇത് ആത്മീയപഠനമാണ്, ആത്മീയ *ശാസ്ത്രക്രിയയാണ്* അതുകൊണ്ട് ബോർഡിൽ പേരും ഇങ്ങനെ എഴുതണം "ബ്രഹ്മാകുമാരീസ് ആത്മീയ ഈശ്വരീയ വിശ്വ വിദ്യാലയം". ആത്മീയം എന്ന വാക്ക് തീർച്ചയായും വെയ്ക്കണം. ആത്മീയ *ആശുപത്രിയെന്നും* പറയാൻ സാധിക്കും, എന്തുകൊണ്ടെന്നാൽ ബാബയെ അവിനാശീ *സർജനെന്നും* പറയുന്നു, പതിത-പാവനൻ, ജ്ഞാനത്തിന്റെ സാഗരനെന്നും പറയുന്നു. ബാബ ധൈര്യം നൽകുകയാണ്, കുട്ടികളേ ഞാൻ വന്നിരിക്കയാണ്. ഞാൻ ആത്മാക്കളെ പഠിപ്പിക്കുന്നവനാണ്. എന്നെ പരമആത്മാവെന്ന് പറയുന്നു. ആത്മാവിന് തന്നെയാണ് രോഗം ബാധിച്ചിരിക്കുന്നത്, അഴുക്ക് പിടിച്ചിരിക്കുന്നു. സത്യയുഗത്തിൽ പവിത്ര ആത്മാക്കളാണ്, ഇവിടെ അപവിത്ര ആത്മാക്കളാണ്. അവിടെയുള്ളത് പുണ്യ ആത്മാക്കളാണ് ഇവിടെയുള്ളത് പാപാത്മാക്കളാണ്. മുഴുവൻ ആധാരവും ആത്മാവിലാണ്. ആത്മാക്കൾക്ക് ശിക്ഷണം നൽകുന്നയാളാണ് - പരമാത്മാവാണ്. ബാബയെ തന്നെയാണ് ഓർമ്മിക്കുന്നത്. എല്ലാം പരമാത്മാവിനോട് തന്നെയാണ് ചോദിക്കുന്നത്. ആരെങ്കിലും ദരിദ്രരും ദുഃഖിതരുമാണെങ്കിൽ പറയും - കൃപ കാണിക്കൂ ധനവാനെകൊണ്ട് അൽപം പണം നൽകിപ്പിക്കൂ. പണം ലഭിച്ചാൽ പറയും ഈശ്വരൻ നൽകി അല്ലെങ്കിൽ നൽകിച്ചു. ആശാരിയാണെങ്കിൽ അവർക്ക് മുതലാളിയിൽ നിന്ന് ലഭിക്കും. കുട്ടികൾക്ക് അച്ഛനിൽ നിന്ന് ലഭിക്കുന്നു. എന്നാൽ പേര് കേൾപ്പിക്കുന്നത് ഈശ്വരന്റേതാണ്. ഇപ്പോൾ ഈശ്വരനെയാണെങ്കിൽ മനുഷ്യർക്ക് അറിയുകയേ ഇല്ല, അതുകൊണ്ടാണ് ഈ എല്ലാ യുക്തികളും രചിച്ചിരിക്കുന്നത്. ചോദിക്കാറുണ്ട് പരംപിതാ പരമാത്മാവുമായി നിങ്ങൾക്ക് എന്ത് സംബന്ധമാണുള്ളത്? പ്രജാപിതാ ബ്രഹ്മാവും ജഗദംബയുമായി നിങ്ങൾക്ക് എന്ത് സംബന്ധമാണുള്ളത്? രാജ-രാജേശ്വരി ലക്ഷ്മീ-നാരായണനുമായി നിങ്ങൾക്ക് എന്ത് സംബന്ധമാണുള്ളത്? അവർ സ്വർഗ്ഗത്തിന്റെ അധികാരികളാണ്. തീർച്ചയായും സ്വർഗ്ഗത്തിന്റെ സ്ഥാപകൻ അവർക്ക് സമ്പത്ത് നൽകിയിരിക്കും. ഇവർ വിഷ്ണുപുരിയുടെ അധികാരികളല്ലേ. മുഖ്യമായ ചിത്രം ശിവബാബയുടേതും, ബ്രഹ്മാ-വിഷ്ണു-ശങ്കരന്റേതുമാണ്. വിഷ്ണുവിന്റേത് അലങ്കരിക്കപ്പെട്ട രൂപമാണ് കാണിക്കുന്നത്. വിഷ്ണുവിലൂടെയാണ് പാലിക്കുന്നത്, ശങ്കരനിലൂടെ വിനാശം. ശങ്കരന് അത്ര വലിയ കർത്തവ്യമൊന്നുമില്ല. മഹിമയ്ക്ക് യോഗ്യം ശിവബാബയാണ്, വിഷ്ണുവുമാകുന്നു. ശങ്കരന്റെ പാർട്ട് വേറെയാണ്. ത്രിമൂർത്തിയെന്ന് പേര് നൽകിയിരിക്കുന്നു. രാമനും-സീതയും, ലക്ഷ്മിയും-നാരായണനും ഇതാണ് മുഖ്യ ചിത്രങ്ങൾ. അതിന് ശേഷം പിന്നീടുള്ള ചിത്രം രാവണന്റേതാണ്. അതും വലുതായി 4-6 അടിയുടേത് ഉണ്ടാക്കണം. രാവണനെ വർഷാ-വർഷം കത്തിക്കാറുണ്ട്, ഇതുമായി താങ്കൾക്ക് എന്ത് സംബന്ധമാണുള്ളത്? രാവണനെ കത്തിക്കുന്നുണ്ടെങ്കിൽ തീർച്ചയായും വലിയ ശത്രുവായിരിക്കും. പ്രദർശിനിയിൽ രാവണന്റെ വലിയ ചിത്രം ഉണ്ടായിരിക്കണം. രാവണന്റെ രാജ്യം ദ്വാപരം മുതലാണ് ആരംഭിക്കുന്നത്, അപ്പോഴാണ് ദേവതകൾ വാമമാർഗ്ഗത്തിലേക്ക് വീഴുന്നത്. ഇതല്ലാതെ ബാക്കി ഏതെല്ലാം ചിത്രങ്ങളാണോ ഉള്ളത് അവയെ വേറെ വേ

റെയായി പ്രദർശിപ്പിക്കണം, അതായത് ഇതെല്ലാം കലിയുഗത്തിന്റെ ചിത്രങ്ങളാണ്. ഗണേശൻ, ഹനുമാൻ, മത്സ്യ-കൂർമ്മം തുടങ്ങി എല്ലാ ചിത്രങ്ങളും വെക്കണം. ഇങ്ങനെ ധാരാളം വൈവിധ്യമാർന്ന ചിത്രങ്ങൾ ലഭിക്കുന്നുണ്ട്. ഒരു വശത്ത് കലിയുഗത്തിന്റെ ചിത്രങ്ങൾ, മറ്റൊരു വശത്ത് നിങ്ങളുടെ ചിത്രങ്ങൾ. ഇതിലൂടെ നിങ്ങൾക്ക് മനസ്സിലാക്കി കൊടുക്കാൻ സാധിക്കും. മുഖ്യമായ ചിത്രം ശിവബാബയുടേയും ലക്ഷ്യത്തിന്റേതുമാണ്. ലക്ഷ്മീ-നാരായണന്റേത് വേറെ, സംഗമത്തിന്റേത് വേറെ, കലിയുഗത്തിന്റേത് വേറെ. ചിത്രങ്ങളുടെ പ്രദർശനത്തിനായി വളരെ വലിയ മുറി വേണം.
ഡൽഹിയിൽ ധാരാളം പേർ വരും. നല്ലവരും മോശമായവരും ഉണ്ടായിരിക്കും. വളരെയധികം നിരീക്ഷിക്കണം, ഇതിൽ തിരിച്ചറിവുണ്ടായിരിക്കണം. *ചീഫ് ജസ്റ്റിസിനെ* കൊണ്ട് ഉദ്ഘാടനം ചെയ്യിക്കാറുണ്ട്, അദ്ദേഹവും നമ്പർവൺ പ്രസിദ്ധനാണ്. *പ്രസിഡന്റും ചീഫ് ജസ്റ്റിസും* തുല്യരാണ്. പരസ്പരമാണ് പ്രതിജ്ഞ ചെയ്യിക്കുന്നത്. തീർച്ചയായും എന്തെങ്കിലും മനസ്സിലാക്കുന്നുണ്ട് അപ്പോഴല്ലേ ഉദ്ഘാടനം ചെയ്യുക. നിർമ്മാണത്തിന്റെ തന്നെയാണ് ഉദ്ഘാടനം ചെയ്യുക. നശീകരണത്തിന്റെ ഉദ്ഘാടനം ചെയ്യില്ല.

ഇപ്പോൾ ബാബ മനസ്സിലാക്കി തരുന്നു, നിങ്ങളുടെ സുഖത്തിന്റെ ദിനം വന്നുകൊണ്ടിരിക്കുകയാണ്.*ബോർഡിലും ഹോസ്പിറ്റലെന്ന* വാക്ക് തീർച്ചയായും എഴുതണം. ആരാണ് സ്ഥാപിച്ചത്? അവിനാശീ *സർജൻ* പതിത-പാവനൻ ബാബയല്ലേ. പാവന ലോകത്തിൽ പാവന മനുഷ്യർക്ക് ഒരിക്കലും രോഗങ്ങളൊന്നും ഉണ്ടാകില്ല. പതിത ലോകത്തിൽ വളരെയധികം രോഗങ്ങളാണ്. അപ്പോൾ സേവനത്തിനായി വിചാരം നടക്കണം. ഏതേതെല്ലാം ചിത്രങ്ങൾ വെയ്ക്കണം, എങ്ങനെ മനസ്സിലാക്കി കൊടുക്കണം. അഥവാ ഏതെങ്കിലും അവിവേകി മനസ്സിലാക്കി കൊടുക്കുകയാണെങ്കിൽ, ഒന്നും തന്നെ മനസ്സിലാക്കാൻ സാധിക്കില്ല. പറയും ഇവിടെ ഒന്നും തന്നെയില്ല, പൊങ്ങച്ചം പറഞ്ഞുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് പ്രദർശിനിയിലൊരിക്കലും വിവേകമില്ലാത്തവരെ മനസ്സിലാക്കി കൊടുക്കാൻ നിർത്തരുത്. മനസ്സിലാക്കി കൊടുക്കുന്നവരും സമർത്ഥരായിരിക്കണം. പലതരത്തിലുള്ള മനുഷ്യരാണ് വരുന്നത്. വലിയ ആളുകൾക്ക് അഥവാ ഏതെങ്കിലും ബുദ്ധുവാണ് മനസ്സിലാക്കി കൊടുക്കുന്നതെങ്കിൽ പ്രദർശിനിയുടെയാകെ പേര് മോശമാക്കും. ബാബയ്ക്ക് പറയാൻ സാധിക്കും ഇന്ന-ഇന്ന ആളുകൾ ഏത് രീതിയിലുള്ള *ടീച്ചറാണെന്ന്*. എല്ലാവരും ഒരുപോലെ സമർത്ഥരല്ല. വലിയ ദേഹാഭിമാനിയുമുണ്ട്.

ഇപ്പോൾ ബാബ പറയുന്നു ആത്മാക്കളെ നിങ്ങളുടെ സുഖത്തിന്റെ ദിനം വരികയാണ്. സ്വർഗ്ഗത്തിന്റെ പേര് എല്ലാവരും പാടാറുണ്ട്. എന്നാൽ സ്വർഗ്ഗത്തിലും *യഥാക്രമം* പദവികളാണ്, നരകത്തിലും *യഥാക്രമം വിഭാഗങ്ങളുണ്ട്*. വിജയമാലയിൽ കോർക്കപ്പെടുന്നവർ രാജ-രാജേശ്വരനായി മാറുന്നു. നമ്മൾ ചോദിക്കാറുമുണ്ട് - ജ്ഞാന ജ്ഞാനേശ്വരി ജഗദംബയുമായി നിങ്ങൾക്ക് എന്ത് സംബന്ധമാണുള്ളത്? ജ്ഞാന ജ്ഞാനേശ്വരിക്ക് ഈശ്വരൻ ജ്ഞാനം നൽകുന്നു അപ്പോൾ രാജ-രാജേശ്വരിയായി മാറുന്നു. ജഗദംബയ്ക്കും ധാരാളം കുട്ടികളുണ്ട് പ്രജാപിതാ ബ്രഹ്മാവിനും ധാരാളം കുട്ടികളുണ്ട്. എത്ര സൂക്ഷ്മ കാര്യങ്ങളാണ്. പ്രജാപിതാ ബ്രഹ്മാവും ജഗദംബയും, ഇവർ ആരാണ്! മനസ്സിലാക്കാനേ മനുഷ്യർക്ക് സാധിക്കില്ല. പ്രജാപിതാ ബ്രഹ്മാവിന്റേത് മുഖവംശാവലികളായിരിക്കില്ലേ. വിവേകശാലികളാണെങ്കിൽ പെട്ടെന്ന് തന്നെ ചോദിക്കും ഇത് ഞങ്ങൾക്ക് മനസ്സിലാകുന്നില്ല, പ്രജാപിതാ-ബ്രഹ്മാവും ജഗദംബക്കും പരസ്പരം എന്ത് ബന്ധമാണുള്ളത്? ഇത്രയും കുട്ടികൾ മുഖത്തിലൂടെ ഉണ്ടായതാണെന്നോ. ഇങ്ങനെയിങ്ങനെയുള്ള ചോദ്യങ്ങൾ ചോദിക്കുന്നതിലൂടെ വരുന്നവരുടെ ബുദ്ധിയെക്കുറിച്ചും അറിയാൻ സാധിക്കും. ബാബ എല്ലാ രഹസ്യങ്ങളും മനസ്സിലാക്കി തരുന്നു. ത്രിമൂർത്തീ, വൃക്ഷം, ചക്രം, ലക്ഷ്മീ-നാരായണന്റെ ചിത്രം ഇവയിൽ ലക്ഷ്യവുമുണ്ട്, സമ്പത്ത് നൽകുന്ന ബാബയെയും മുകളിൽ കാണിച്ചിട്ടുണ്ട്. അതുകൊണ്ട് മനസ്സിലാക്കി കൊടുക്കുന്നവർ വളരെ സമർത്ഥരായിരിക്കണം. ചോദ്യാവലിയും വളരെ നല്ലതാണ്. രാവണനുമായി നിങ്ങൾക്ക് എന്ത് ബന്ധമാണുള്ളത്? ഇത്രയും വലിയ-വലിയ വിദ്വാൻമാരും പണ്ഡിതൻമാരും ആരും തന്നെ ഇതെങ്ങനെയാണ് ശത്രുവാകുന്നു എന്നറിയുന്നില്ല. നമുക്കും മുൻപ് അറിയില്ലായിരുന്നു. ബാബ പറയുന്നു ഞാൻ ദത്തെടുത്ത ഈ ബ്രഹ്മാവിന് പോലും അറിയില്ലായിരുന്നു. ഇപ്പോൾ അറിയുന്നുവെങ്കിൽ മറ്റുള്ളവർക്കും മനസ്സിലാക്കി കൊടുക്കുന്നതിന് വലിയ താത്പര്യമുണ്ടായിരിക്കണം. ഈ പ്രദർശിനി തീർത്തും പുതിയതാണ്. ഇനി ആരെങ്കിലും *കോപ്പിയടിച്ചാലും* മനസ്സിലാക്കികൊടുക്കാൻ സാധിക്കില്ല. ഇത് അദ്ഭുതമാണ്. വളരെ ലഹരി ഉണ്ടായിരിക്കണം. സേവനത്തിൽ പൂർണ്ണമായും മുഴുകണം. നിങ്ങളുടെ ചിത്രങ്ങൾ വളരെയധികം ചോദിക്കും അതുകൊണ്ട് വളരെയധികം ഉണ്ടായിരിക്കണം. സേവനത്തിനായി വിശാലബുദ്ധി വേണം. ചിലവ് ഉണ്ടാകുക തന്നെ ചെയ്യും. പണം ചിലവഴിക്കാൻ തന്നെ ഉള്ളതാണ്. ചിലവഴിച്ച് കൊണ്ടിരിക്കുകയാണെങ്കിൽ വന്നു കൊണ്ടിരിക്കും. ധനം നൽകിയാൽ ധനം കുറയില്ല. കുട്ടികൾ വളരെയധികം ഉണ്ടായിക്കൊണ്ടിരിക്കും. പണം സേവനത്തിൽ തന്നെ ഉപയോഗിക്കാനുള്ളതാണ്. രാജധാനി സത്യയുഗത്തിലാണ് ഉണ്ടാകുന്നത്. ഇവിടെ കൊട്ടാരമൊന്നും ഉണ്ടാക്കേണ്ടതില്ല. ഇതിൽ ഗവൺമെന്റിനെല്ലാം

എത്ര ചിലവാണുണ്ടാകുന്നത്. ഇവിടെ ചിത്രമുണ്ടാക്കുന്നതിനുള്ള ചിലവാണുള്ളത്. ദിനംപ്രതി വളരെ നല്ല പോയന്റുകൾ വന്നുകൊണ്ടിരിക്കുന്നു. രാവണരാജ്യം എപ്പോഴാണ് ആരംഭിച്ചത്, വളരെ യുക്തിയോടെ മനസ്സിലാക്കി തരുന്നു. പകുതി സമയം രാവണന്റെ രാജ്യം, പകുതി സമയം രാമന്റെ രാജ്യം. ഈ രാവണനിൽ നിന്ന് ബാബ തന്നെയാണ് വന്ന് മോചിപ്പിക്കുന്നത് മറ്റാർക്കും തന്നെ മോചിപ്പിക്കാൻ സാധിക്കില്ല. ഇതിനായി സർവ്വശക്തിവാൻ തന്നെ വേണം. ആ ബാബയ്ക്ക് തന്നെയാണ് രാവണന് മേൽ വിജയമണിയിക്കാൻ സാധിക്കുന്നത്. പിന്നീട് സത്യയുഗത്തിൽ ഈ ശത്രു രാവണൻ ഉണ്ടായിരിക്കുകയേ ഇല്ല. പതുക്കെ–പതുക്കെ നിങ്ങളുടെ പ്രഭാവം ഉണ്ടാകും. പിന്നീട് ബന്ധനസ്ഥരായ അമ്മമാരും, കന്യകമാരും എല്ലാവരും തന്നെ മോചിപ്പിക്കപ്പെടും. മനസ്സിലാക്കും ഇത് വളരെ നല്ല കാര്യമാണ്. കളങ്കമുണ്ടാകുക തന്നെ വേണം. കൃഷ്ണന് പോലും കളങ്കമേറ്റില്ലേ. സ്ഥാപനയുടെ സമയത്തും തട്ടിക്കൊണ്ടുപോയി തുടങ്ങിയ കളങ്കങ്ങൾ ചാർത്തി, അസഭ്യം പറഞ്ഞിരുന്നു. പിന്നീട് സ്വർഗ്ഗത്തിലും കളങ്കം ചാർത്തിയിരിക്കുന്നു, സർപ്പം ദംശിച്ചു, അത് ചെയ്തു......... എത്ര തെറ്റായ കാര്യങ്ങളാണ്. പ്രദർശിനിയിൽ ധാരാളം പേർ വരുന്നുണ്ട്. പിന്നീട് അവരോട് *സെന്ററിൽ* വന്ന് മനസ്സിലാക്കാൻ പറയുന്നു. വന്ന് തന്റെ ജീവിതമുണ്ടാക്കൂ. കാലന് മേൽ വിജയം നേടൂ. അവിടെ കാലൻ വിഴുങ്ങുന്നില്ല. ഒരു കഥയുണ്ട് – യമദൂതൻ കൊണ്ട് പോകാൻ വന്നപ്പോൾ അകത്തു കയറാൻ പറ്റില്ല എന്ന് പറഞ്ഞു. . . . ഇത് വളരെയധികം മനസ്സിലാക്കേണ്ട കാര്യങ്ങളാണ്. ഇതിൽ വളരെയധികം വിശാലബുദ്ധിയായിരിക്കണം, ദേഹീ–അഭിമാനിയായിരിക്കണം. നമ്മൾ ആത്മാവാണ്, പഴയ സംബന്ധത്തിന്റെയും പഴയ ശരീരത്തിന്റെയും അഭിമാനം വെയ്ക്കരുത്. ഇപ്പോൾ നാടകം പൂർത്തിയാവുകയാണ്, നമ്മൾ തിരിച്ച് പൊയ്ക്കൊണ്ടിരിക്കുകയാണ്. സ്വർഗ്ഗത്തിൽ എത്തിയിട്ട് നമുക്ക് പുതിയ സംബന്ധം ചേർക്കണം. ഈ ജ്ഞാനം ബുദ്ധിയിലുണ്ട്. ഈ പഴയ ലോകം നശിക്കാനുള്ളതാണ്. നമ്മുടെ സംബന്ധം ബാബയോടും പുതിയ ലോകത്തോടുമാണ്. ഈ കാര്യങ്ങൾ ഓർമ്മിക്കണം. നിങ്ങൾക്ക് പുതിയ ലോകത്തേക്ക് വേണ്ടിയാണ് ഈ ജ്ഞാനം ലഭിച്ചുകൊണ്ടിരിക്കുന്നത്. ഈ പഴയ ലോകം ശവപറമ്പാകണം, ഇതിനോട് എന്ത് മനസ്സ് വെയ്ക്കാനാണ്. ഇവിടെയാണെങ്കിൽ ദേഹസഹിതം എല്ലാം തന്നെ ഇല്ലാതാകാനുള്ളതാണ്. ദേഹീ–അഭിമാനിയാകുന്നതാണ് നല്ലത്. നമ്മൾ ബാബയുടെ അടുത്തേക്ക് പോകുകയാണ്. സ്വയത്തോട് സംസാരിക്കണം അപ്പോൾ ആർക്കും തന്നെ മനസ്സിലാക്കി കൊടുക്കാൻ സാധിക്കും.

ഇപ്പോൾ നിങ്ങൾ കുട്ടികൾക്കറിയാം നമ്മുടെ സുഖത്തിന്റെ ദിനങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. എത്രത്തോളം വിജയിക്കുന്നതിനുള്ള പുരുഷാർത്ഥം ചെയ്യുന്നോ അത്രയും പദവിയും ഉയർന്നത് നേടും. *സർട്ടിഫിക്കറ്റ് ടീച്ചറല്ലേ* നൽകുക. *ടീച്ചർക്കറിയാം* ഇവരിൽ എത്രത്തോളം സത്യതയുണ്ട്. എത്രത്തോളം *സർവ്വീസബിളാണ്*. ഇത് നിർമ്മാണത്തിന്റെ കാര്യമാണ് ചെയ്യുന്നത്. നശീകരണത്തിന്റെ കാര്യം ചെയ്യുന്നില്ലല്ലോ! സേവനയുക്തർ തന്നെയാണ് ഹൃദയത്തിൽ കയറുന്നത്. ഇപ്പോൾ ആരും പരിപൂർണ്ണരായിട്ടില്ല. കുറവുകൾ എല്ലാവരിലുമുണ്ട്. മുന്നോട്ട് പോകവെ പരിപൂർണ്ണമായി മാറണം. ദേവതയാക്കുകയാണ്. ജ്ഞാനവും യോഗവും വേണം. കുട്ടികൾ വർദ്ധിച്ചുകൊണ്ടിരിക്കും പിന്നീട് ആരും തന്നെ വിരോധം കാണിക്കുകയില്ല. നേരെയാകും. ഇവിടെ ദേവതയായ ആരും തന്നെയില്ല. ഓരോ കാര്യത്തിലും ശ്രദ്ധിക്കേണ്ടതായുണ്ട്. ഓൾറൗണ്ടർ ബുദ്ധി വേണം. സേവനം എല്ലാവരും ശരിയായ രീതിയിൽ ചെയ്യുന്നുണ്ടോ ഇല്ലയോ. വിശ്രമ പ്രിയരായിട്ടുള്ള ആരും തന്നെയില്ലല്ലോ! മുഴുവൻ ദിവസവും അത് വേണം, ഇത് വേണം അങ്ങനെയൊന്നുമില്ലല്ലോ! ഇതിനെയാണ് ലോഭമെന്ന് പറയുന്നത്. നല്ല വസ്ത്രം വേണം, നല്ല ഭക്ഷണം വേണം. വളരെയധികം ആശകൾ വെയ്ക്കുന്നു. വാസ്തവത്തിൽ യജ്ഞത്തിൽ നിന്ന് എന്ത് ലഭിക്കുന്നോ അത് നല്ലത്. സന്യാസി ഒരിക്കലും മറ്റു സാധനങ്ങളൊന്നും സ്വീകരിക്കാറില്ല. ഈ ശീലം നല്ലതല്ല എന്ന് മനസ്സിലാക്കുന്നു. ശിവബാബയുടെ യജ്ഞത്തിൽ നിന്ന് എല്ലാം ശരിക്ക് ലഭിക്കുന്നു. എന്നിട്ടും ചിലർ ആശകൾ വയ്ക്കുന്നു. ആദ്യം ജ്ഞാന യോഗത്തിന്റെ ആശ പൂർത്തീകരിക്കൂ. ആ ആശകളെല്ലാം ജന്മ–ജന്മാന്തരം വെച്ച് വന്നു. ഇപ്പോൾ ബാബയെ ഓർമ്മിക്കുന്നതിലൂടെ നമ്മൾ സദാ ആരോഗ്യവാൻമാരായി മാറും – ഈ ആശ വെയ്ക്കണം. അതുകൊണ്ട് ഇത് തീർച്ചയായും എഴുതണം ഇത് ആത്മീയ *ഹോസ്പിറ്റലാണ്*, അതിലൂടെ ഇത് *ഹോസ്പിറ്റലും കോളേജുമാണെന്ന്* മനുഷ്യർ മനസ്സിലാക്കണം. ബാബ കെട്ടിടങ്ങളും *ഹോസ്പിറ്റലിന്റെയും കോളേജിന്റെയും* രീതിയിലാണ് ഉണ്ടാക്കിച്ചിട്ടുള്ളത്. *കോളേജുകളിൽ* അലങ്കാരങ്ങളൊന്നും തന്നെ ഉണ്ടായിരിക്കില്ല, ലളിതമായിരിക്കും. ശരി–

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

**ധാരണയ്ക്കുള്ള മുഖ്യ സാരം:-**

1) വിശ്രമ പ്രിയരാകരുത്. സേവനത്തിനുള്ള വളരെ-വളരെ താത്പര്യം വെയ്ക്കണം. സേവനത്തിൽ തന്നെ പണം ചിലവഴിക്കണം. മനുഷ്യരുടെ ജീവിതം മുള്ളിൽ നിന്ന് പുഷ്പമാക്കണം.

2) സദാ നിർമ്മാണത്തിന്റെ ജോലി തന്നെ ചെയ്യണം, നശീകരണത്തിന്റേതല്ല. അവനവനോട് സംസാരിക്കണം. ഞാൻ എവിടേക്കാണ് പൊയ്ക്കൊണ്ടിരിക്കുന്നത്! എന്തായി മാറിക്കൊണ്ടിരിക്കുകയാണ്!

## വരദാനം:- ശക്തിശാലിഓർമയിലൂടെ പരിവർത്തനം, സന്തോഷം, ഭാരരഹിതം എന്നിവയുടെ അനുഭൂതി ചെയ്യുന്നവരായ സ്മൃതിയിൽ നിന്നു സമർഥരായി ഭവിക്കട്ടെ!

ശക്തിശാലി ഓർമ ഒരേ സമയം ഡബിൾ അനുഭവം ചെയ്യിക്കുന്നു. ഒരു വശത്ത് ഓർമ അഗ്നിയായി ഭസ്മമാക്കുന്നതിന്റെ ജോലി ചെയ്യുന്നു, പരിവർത്തനപ്പെടുത്തുന്നതിന്റെ ജോലി ചെയ്യുന്നു, മറ്റൊരു വശത്ത് സന്തോഷത്തിന്റെയും ഭാരരാഹിത്യത്തിന്റെയും അനുഭവം ചെയ്യിക്കുന്നു. ഇങ്ങനെ വിധിപൂർവമായ ശക്തിശാലിഓർമയെത്തന്നെയാണ് യഥാർഥ ഓർമയെന്നു പറയുന്നത്. ഇങ്ങനെ യഥാർഥ ഓർമയിൽ കഴിയുന്ന സ്മൃതിസ്വരൂപരായ കുട്ടികൾ തന്നെയാണ് സമർഥർ. ഈ സ്മൃതിയിൽ നിന്നും സമർഥത തന്നെ നമ്പർവൺ പുരസ്കാരത്തിന് അധികാരിയാക്കിത്തീർക്കുന്നു.

## സ്ലോഗൻ:-അനുഭവി അവരാണ് ആരുടെയാണോ ഹൃദയം ശക്തിശാലിയും വൃദ്ധമായതും

**ലൗലീനസ്ഥിതിയുടെ അനുഭവം ചെയ്യൂ** : പരമാത്മാസ്നേഹം ഈ ശ്രേഷ്ഠബ്രാഹ്മണജന്മത്തിന്റെ ആധാരമാണ്. പറയാറുണ്ട് സ്നേഹമുണ്ടെങ്കിൽ ലോകമുണ്ട്, ജീവനുണ്ട്. സ്നേഹമില്ലെങ്കിൽ ജീവനില്ല, ജീവിതമില്ല.സ്നേഹം ലഭിച്ചു അർത്ഥം ലോകം ലഭിച്ചു. ലോകർ ഒരു തുള്ളിക്കായി ദാഹിക്കുന്നവരാണ്, താങ്കൾ കുട്ടികൾക്ക് ഈ പ്രഭുസ്നേഹം സമ്പത്താണ്. ഇതേ പ്രഭുസ്നേഹത്താൽ പാലിക്കപ്പെടുന്നു അതായത് ബ്രാഹ്മണജീവിതത്തിൽ മുന്നേറുന്നു. അപ്പോൾ സദാ സ്നേഹത്തിന്റെ സാഗരത്തിൽ അലിഞ്ഞുചേർന്നിരിക്കൂ.